പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: *369** — **13.11.2019-ൽ മറുപടിയ്ക്ക്**

## പട്ടികഗോത്ര യുവാക്കൾക്ക് സ്വയംതൊഴിൽ പ്രോത്സാഹന പദ്ധതി

**ചോദ്യം**

ശ്രീ.രാജു എബ്രഹാം

ശ്രീ.ഒ. ആർ. കേളു

ശ്രീ.യു. ആർ. പ്രദീപ്

ശ്രീ.ഐ.ബി. സതീഷ്

**മറുപടി**

എ.കെ.ബാലൻ

(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | വനത്തിലോ പരിസരപ്രദേശങ്ങളിലോ താമസിക്കുന്ന പട്ടിക ഗോത്രങ്ങളിൽപ്പെട്ടവർക്ക് പ്രയോജന പ്രദമായ തൊഴിലുകൾ നൽകി ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് പദ്ധതിയുണ്ടോ; | എ) & ബി) | പട്ടികഗോത്ര വിഭാഗത്തിന്റെ തൊഴിൽ അഭിവൃദ്ധിപ്പെടുത്തുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പ് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഒരു പട്ടികവർഗ്ഗ കുടുംബത്തിലെ ഒരാൾക്ക് എങ്കിലും ജോലി ലഭ്യമാക്കുക എന്ന ലക്ഷ്യത്തോട് കൂടി വിവിധ വകുപ്പുകളുമായി ചേർന്ന് തൊഴിൽ കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. നൈപുണ്യ വികസനത്തിലൂടെയും പരമ്പരാഗത തൊഴിൽ പ്രോത്സാഹനത്തിലൂടെയും പട്ടികവർഗ്ഗക്കാരുടെ മാനവശേഷി വർദ്ധിപ്പിക്കുന്നതിനാണ് പ്രധാനമായും ഊന്നൽ നൽകുന്നത്. ആയതിനു വേണ്ടി നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1. **<u>കേരളട്രൈബൽപ്ലസ് പദ്ധതി</u>**<br>എം.ജി.എൻ.ആർ.ഇ.ജി.എസ് (Mahtma Gandhi National Rural Employment Guarantee Scheme) ഉറപ്പുവരുത്തിയിട്ടുള്ള 100 ദിവസം കൂടാതെ കേരളത്തിലെ എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും അധികമായി 100 തൊഴിൽ ദിനങ്ങൾ കൂടി ലഭ്യമാക്കുന്ന കേരളട്രൈബൽപ്ലസ് പദ്ധതി പട്ടികവർഗ്ഗ വികസന വകുപ്പ്, തദ്ദേശ സ്വയം ഭരണ വകുപ്പ് എന്നിവ സംയുക്തമായി നടപ്പാക്കി വരുന്നു.<br>2. **<u>മില്ലറ്റ് വില്ലേജ്</u>**<br>അട്ടപ്പാടിയിൽ ഭക്ഷ്യസുരക്ഷയും ജീവനോപാധിയും ഉറപ്പുവരുത്തുന്നതിനായി പട്ടികവർഗ്ഗ ഉപപദ്ധതി ഫണ്ട് ഉപയോഗപ്പെടുത്തി ജൈവകൃഷി |
| ബി) | പട്ടികഗോത്ര യുവാക്കളുടെ തൊഴിലില്ലായ്മ കണക്കിലെടുത്ത് നടപ്പാക്കുന്ന സ്വയംതൊഴിൽ പ്രോത്സാഹന പദ്ധതിയെക്കുറിച്ച് വിശദാംശം നൽകാമോ; | | |

പ്രോത്സാഹിപ്പിക്കുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പും കൃഷി വകുപ്പും സംയുക്തമായി മില്ലറ്റ് വില്ലേജ് പദ്ധതി നടപ്പിലാക്കി വരുന്നു.

3. കാർഷിക അനുബന്ധ മേഖലകൾ വികസിപ്പിക്കുന്നതിനായുള്ള "പട്ടികവർഗ്ഗക്കാർക്കായുള്ള വരുമാനദായക കാർഷിക ഉദ്യമം" പദ്ധതിയിലൂടെ ഫാമുകളുടെ നവീകരണം ലക്ഷ്യം വയ്ക്കുന്നു.
4. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഫണ്ട് മുഖേന ആരംഭിച്ച "കുടുംബശ്രീ സുസ്ഥിര വികസന പദ്ധതിയിൽ" അയൽക്കൂട്ടങ്ങൾ വഴി കുടുംബങ്ങളെ ശക്തിപ്പെടുത്തുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു.
5. തൊഴിൽരഹിതരെ കണ്ടെത്തി അവർക്ക് നിർമ്മാണ മേഖലയിൽ പ്രത്യേകിച്ച് മേസ്തിരി, കാർപ്പെന്ററി, ഇലക്ട്രീഷ്യൻ, പ്ലംബിംഗ് തുടങ്ങിയ ഇനങ്ങളിൽ തൊഴിൽ നൈപുണ്യ പരിശീലനം നൽകുകയും ഭവന നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുകയും ചെയ്യുന്ന ഗോത്രജീവിക പദ്ധതി.
6. മിൽമയുടെ സഹകരണത്തോടെ മലപ്പുറം, എറണാകുളം, കാസറഗോഡ്, തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, വയനാട്, കോഴിക്കോട്, കോട്ടയം ജില്ലകളിൽ ക്ഷീര വികസന പദ്ധതി നടപ്പിലാക്കി വരുന്നു.
7. സർക്കാർ മേഖലയിൽ തൊഴിൽ നേടുന്നതിനായി എല്ലാ ജില്ലാഓഫീസുകൾ മുഖേനയും പ്രത്യേക പി.എസ്.സി പരിശീലനങ്ങൾ നടത്തി വരുന്നു.
8. എംപ്ലോയ്മെന്റ് എക്സ്ചേയ്ഞ്ചുകളിൽ തൊഴിൽരഹിതരായവരെ രജിസ്റ്റർ ചെയ്യുന്നതിന് തൊഴിൽ വകുപ്പുമായി ചേർന്ന് സ്പെഷ്യൽ ഡ്രൈവ് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചു.

സംരംഭക രംഗത്തും തൊഴിൽ മേഖലയിലും പട്ടികവർഗ്ഗ യുവാക്കൾക്ക് തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിനുള്ള അനവധി നൈപുണ്യ വികസന പരിശീലന പദ്ധതികൾ പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കി വരുന്നു.

| | | | |
|---|---|---|---|
| | | | **1. ആധുനിക മേഖലയിൽ തൊഴിൽ കണ്ടെത്തുന്നതിന് സ്വീകരിച്ച നടപടികൾ**<br>സംസ്ഥാനത്തിന് അകത്തും പുറത്തുമുള്ള പ്രശസ്ത സർക്കാർ / സ്വകാര്യ തൊഴിൽ നൈപുണ്യ വികസന സ്ഥാപനങ്ങളുമായി ചേർന്ന് സ്വയം തൊഴിൽ സാധ്യതയുള്ള കോഴ്സുകളിൽ പരിശീലന പരിപാടികൾ സംഘടിപ്പിച്ച് പ്ലെയ്സ്മെന്റ് ഉറപ്പ് വരുത്തുന്നു.<br>**2. കരിയർ ഗൈഡൻസ് ജോബ് ഫെയർ**<br>വിവിധ തൊഴിൽദായക പ്രൈവറ്റ് സ്ഥാപനങ്ങളെ ഉൾപ്പെടുത്തികൊണ്ട് കരിയർ ഗൈഡൻസ് ജോബ് ഫെയർ.<br>**3.അട്ടപ്പാടി ട്രൈബൽ അപ്പാരൽ പാർക്ക്**<br>വനിതാശാക്തീകരണത്തിന്റെ ഭാഗമായി പട്ടികവർഗ്ഗ വനിതകൾക്ക് ആധുനിക രീതിയിലുള്ള വസ്ത്രനിർമ്മാണത്തിൽ പരിശീലനം നൽകി തൊഴിൽ ഉറപ്പ വരുത്തുന്നതിനായി ഒരു സൊസൈറ്റി രൂപീകരിച്ച് 'വസ്ത്രനിർമ്മാണ ഫാക്ടറി അട്ടപ്പാടി ട്രൈബൽ അപ്പാരൽ പാർക്ക്' എന്ന പേരിൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.<br>**4. സെൻറർ ഓഫ് സ്കിൽ എക്സലൻസ്**<br>ഇൻഫർമേഷൻ ടെക്നോളജിയിൽ പട്ടികവർഗ്ഗ യുവതീ-യുവാക്കൾക്ക് ഡെസ്ക് ടോപ് എഞ്ചിനീയറിംഗ്, നെറ്റ് വർക്കിംഗ്, മൾട്ടി മീഡിയ, ഹാർഡ് വെയർ & സോഫ്റ്റ് വെയർ മെയിന്റനൻസ് എന്നീ മേഖലകളിൽ തൊഴിൽ ഉറപ്പവരുത്തുന്നത് ലക്ഷ്യം വച്ചുകൊണ്ട് സെന്റർ ഓഫ് സ്കിൽ എക്സലൻസ് എന്ന പരിശീലന സ്ഥാപനം തിരുവനന്തപുരത്ത് ആരംഭിച്ചു. |
| സി) | പ്രാക്തനഗോത്ര വിഭാഗങ്ങളിൽ പ്പെട്ടവർക്കായുള്ള പ്രത്യേക പദ്ധതികളുടെ വിശദാംശം നൽകാമോ; | സി) | പട്ടികവർഗ്ഗ വിഭാഗത്തിൽ സാമ്പത്തികമായും, വിദ്യാഭ്യാസപരമായും ഏറ്റവും താഴെത്തട്ടിലുള്ള വിഭാഗമാണ് പ്രാക്തന ഗോത്രവിഭാഗക്കാർ (പി.വി.റ്റി.ജി). ടി വിഭാഗക്കാരുടെ പ്രധാന വരുമാന മാർഗ്ഗം വന വിഭവ ശേഖരണവും, കൂലിപണിയുമാണ്. മദ്യപാനാസക്തിയും, ലഹരി വസ്തുക്കളുടെ ഉപയോഗവും, വിദ്യാഭ്യാസത്തോടുള്ള വിമുഖതയും , ടി വിഭാഗത്തിന്റെ ഉന്നമനത്തിന് പലപ്പോഴും വിലങ്ങുതടിയാകാറുണ്ട്. മുഖ്യധാരയിലേയ്ക്ക് വരാൻ വിമുഖത കാണിക്കുന്ന ടി വിഭാഗത്തിന്റെ ഉന്നമനത്തിനായി വകുപ്പ് തലത്തിൽ ധാരാളം പ്രവർത്തനങ്ങൾ |

നടന്നുവരുന്നുണ്ട്. വകുപ്പ് വിഭാവനം ചെയ്യുന്ന എല്ലാ പദ്ധതികളിലും ടി വിഭാഗക്കാർക്ക് മുൻഗണന നൽകിവരുന്നുണ്ട്. ഇത് കൂടാതെ ടി വിഭാഗത്തിന്റെ ഉന്നമനം മാത്രം ലക്ഷ്യം വച്ച് അടിയൻ-പണിയൻ, പ്രാക്തന ഗോത്രവർഗ്ഗക്കാർ, വനത്തിനുള്ളിൽ ജീവിക്കുന്ന പട്ടികവർഗ്ഗക്കാർ എന്നിവർക്കുവേണ്ടി പ്രത്യേക പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ആയതിന്റെ ഭാഗമായി വിദ്യാർത്ഥികൾക്ക് രണ്ട് ജോഡി യൂണിഫോം, ചെരുപ്പ്, ബാഗ്, കുട മുതലായ പഠനോപകരണങ്ങൾ സൗജന്യമായി നൽകി. സ്കൂളിൽ എത്താത്ത കുട്ടികളെ കോളനികളിൽ പ്രമോട്ടർമാരും കമ്മിറ്റഡ് സോഷ്യൽ വർക്കേഴ്സും നേരിട്ട് എത്തി സ്കൂളിൽ എത്തിക്കാറുണ്ട്. കൂടാതെ ടിയാളുകളുടെ സാമൂഹിക ഉന്നമനത്തിനായി സ്വയം തൊഴിൽ ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി ആട്, കറവപശു എന്നിവ വളർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കാർഷികവൃത്തികളിൽ ഏർപ്പെട്ടു വരുമാനമുണ്ടാക്കുന്നതിന് ധനസഹായവും അനുവദിച്ചു വരുന്നു.

മദ്യപാനം, ലഹരി ഉപയോഗം എന്നിവ ഒഴിവാക്കുന്നതിന് ശക്തമായ ബോധവൽക്കരണ ക്ലാസുകൾ നൽകി വരുന്നുണ്ട്. ഗോത്ര വിഭാഗങ്ങൾക്ക് ഗതാഗത സൗകര്യം, വന്യമൃഗ ജീവികളിൽ നിന്നും സുരക്ഷ എന്നിവ ഉറപ്പാക്കുന്നതിനും വകുപ്പ് മുഖേനയും ടി.ആർ.ഡി.എം മുഖേനയും പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഉൾക്കാട്ടുകളിൽ താമസിക്കുന്നവരെ മാറ്റി പാർപ്പിക്കുന്നതിനുള്ള പുനരധിവാസ പദ്ധതിയും നടപ്പിലാക്കുന്നുണ്ട്. നടപ്പ് സാമ്പത്തിക വർഷം ടി പദ്ധതിക്കായി 5 കോടി രൂപ വകയിരുത്തി മേൽപ്പറഞ്ഞ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

പ്രത്യേക ദുർബല ഗോത്രവിഭാഗങ്ങളുടെ സമഗ്ര വികസനത്തിനായുള്ള പദ്ധതിയെന്ന നിലയിൽ ഭവനനിർമ്മാണം, ഭക്ഷ്യസുരക്ഷ, റോഡ് നിർമ്മാണം, കുടിവെള്ള പദ്ധതികൾ, മണ്ണ് ജല സംരക്ഷണം, കോളനികളുടെ വൈദ്യുതീകരണം, മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ, പ്രത്യേക അംഗൻവാടികൾ, പെരിപ്പറ്റിക്സെന്ററുകൾ തുടങ്ങിയ പദ്ധതികൾ പി.വി.ടി.ജി ഫണ്ട് ഉപയോഗിച്ച് നടപ്പിൽ വരുത്തിയിട്ടുണ്ട്.

| | | | |
|---|---|---|---|
| | | | ഇതോടൊപ്പം സി.സി.ഡി പ്രോജക്ടിന് കീഴിൽ വീട് നിർമ്മാണം, ആരോഗ്യം, വിദ്യാഭ്യാസം, കുടിവെള്ള പദ്ധതി, കാർഷിക ജീവനോപാധി തുടങ്ങിയ പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്. പി.വി.ടി.ജി പദ്ധതിയിലൂടെ 7 ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകളുടെ സേവനം, ഏകാദ്ധ്യാപക സ്കൂളുകളിലൂടെ പി.വി.ടി.ജി വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ അടിസ്ഥാന വിദ്യാഭ്യാസം, ഹെൽത്ത് വോളണ്ടിയർമാർ മുഖേന അവശ്യമരുന്നുകളുടെ വിതരണം, പ്രൈമറി ഹെൽത്ത് സെന്ററുകളുടെ സഹായത്തോടെ 611 കോളനികളിൽ 2134 മെഡിക്കൽ ക്യാമ്പുകളുടെ സംഘാടനം തുടങ്ങിയവ ആരോഗ്യ വിദ്യാഭ്യാസ മേഖലയിലെ പ്രധാന പ്രവർത്തനങ്ങളാണ്. പ്രാക്തന ഗോത്ര വിഭാഗങ്ങളുടെ ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്നതിനും, പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനും നിശ്ചിത അളവിൽ ഭക്ഷ്യ ധാന്യങ്ങളും, മറ്റും വിതരണം നടത്തി വരുന്നുണ്ട്. ഈ പദ്ധതികളിലൂടെ സംസ്ഥാനത്തെ പ്രാക്തന ഗോത്രവിഭാഗങ്ങളിൽപ്പെട്ട 8101 കുടുംബങ്ങൾക്ക് നേരിട്ട് പ്രയോജനം ലഭിച്ചിട്ടുണ്ട്. |
| ഡി) | സംസ്ഥാനത്തെ ഏക ആദിവാസി പഞ്ചായത്തായ ഇടമലക്കുടിയുടെ വികസനത്തിനായി ചെയ്തു വരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | ഡി) | ഇടമലക്കുടി സമഗ്ര വികസനത്തിനായി 10.35 കോടി രൂപയുടെ ഇടമലക്കുടി സ്പെഷ്യൽ പാക്കേജിന് ഭരണാനുമതി നൽകിയിരുന്നു. 10.35 കോടി രൂപയിൽ 4.33 കോടി രൂപ പട്ടികവർഗ്ഗ വികസന വകുപ്പ് വനം വകുപ്പിന് അനുവദിച്ചു നൽകിയിട്ടുണ്ട്. ഭവന നിർമ്മാണ പ്രവർത്തനങ്ങൾ നടന്ന് വരുന്നു.<br>പാക്കേജിന്റെ രണ്ടാം ഘട്ടമായി പെട്ടിമുടിയിൽ നിന്നും ഇഡ്ഡലിപ്പാറക്കുടിവരെയുള്ള 7.522 കിലോമീറ്റർ റോഡ് നിർമ്മാണത്തിനായി വനം വകുപ്പ് മുഖേന 3.37 കോടി രൂപയുള്ള എസ്റ്റിമേറ്റിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ടി പദ്ധതിയ്ക്കായി 1.87 കോടി രൂപ വനം വകുപ്പിന് അനുവദിച്ച് നൽകിയിരുന്നു. പെട്ടിമുടിമുതൽ ഇഡ്ഡലിപ്പാറക്കുടിവരെയുള്ള 7.522 കി.മീ. റോഡ് കല്ല് പാകിയതിൽ കല്ലിട്ടുപാകിയ ഭാഗങ്ങൾ രൂക്ഷമായ കാലവർഷത്തിൽ ഇളകി മാറി ഒലിച്ചുപോയതിനാൽ സഞ്ചാരയോഗ്യമല്ലാതായി തീർന്നിട്ടുണ്ട്. ടി റോഡ് കോൺക്രീറ്റ് ചെയ്യുന്നതിനായി PWD DSR 2016 പ്രകാരം 10.24 കോടി രൂപയുള്ള എസ്റ്റിമേറ്റ് വനം വകുപ്പ് |

| | | | |
|---|---|---|---|
| | | | തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. ടി എസ്റ്റിമേറ്റ് അംഗീകരിച്ച് പദ്ധതി അടിയന്തിരമായി നടപ്പിലാക്കുന്നതിനുള്ള തുടർ നടപടി സ്വീകരിച്ചുവരുന്നു. റോഡ് നിർമ്മാണം പൂർത്തിയായെങ്കിൽ മാത്രമേ മറ്റ് വികസന പദ്ധതികൾ നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ